പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :548 24.01.2018 ലെ മറുപടിക്ക്

**കയർ മേഖലയിൽ നൂതനപദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം. ആരിഫ്<br>ശ്രീ. കെ. ആൻസലൻ<br>ശ്രീ.എം. നൗഷാദ്<br>ശ്രീ.കെ.ജെ. മാക്സി | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് കയർ മേഖലയുടെ പുനരുദ്ധാരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | എ) ചകിരിയുടെ പരാശ്രിതത്വമാണ് വ്യവസായത്തിന്റെ പ്രധാന പരാധീനത. ഇതിനു ശാശ്വത പരിഹാരം കണ്ടെത്താൻ ആധുനിക ചകിരിമില്ലുകൾ വ്യാപകമായി നിർമ്മിക്കാൻ നടക്കുന്ന പരിശ്രമമാണ് ഏറ്റവും പ്രധാന മുൻകൈ.<br><br>കയർവ്യവസായത്തിന്റെ അടിമുടിയുള്ള ആധുനീകരണമാണ് മറ്റൊരു പ്രധാന മുൻകൈ. ഇത് എൻ.സി.ഡി.സിയുടെ സഹായത്തോടെയാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതിയ്ക്ക് തത്വത്തിൽ അംഗീകാരമായിട്ടുണ്ട്.<br><br>കയർ സഹകരണ സംഘങ്ങളുടെ ആധുനീകരണവും പുന:സംഘടനയുമാണ് മറ്റൊരു പ്രധാന മുൻകൈ. ഇതുകൂടാതെ കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തനമൂലധനം നൽകുന്നു.<br><br>1) കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകി വരുന്നു.<br>2) കയറും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എംഡിഎ) നൽകി വരുന്നു.<br>3) കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ നൽകുന്നു.<br>4) പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ സാമ്പത്തിക സഹായം നൽകി വരുന്നു.<br>5) ഉൽപ്പാദനവും വിപണന പ്രചോദനവും (പിഎംഐ) പദ്ധതിയിലൂടെ ആനുകൂല്യം നൽകി വരുന്നു.<br>6) വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.<br>7) കയർമേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു. |

| | |
|---|---|
| | 8) കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.<br>9) കയർ ജിയോ ടെക്സ്റ്റയിൽസ് പദ്ധതി നടപ്പിലാക്കി വരുന്നു.<br>10) കയർപിരി / ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു.<br>11) കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നു.<br>12) യന്ത്രവത്ക്കരണം പൂർത്തീകരിക്കുന്നതോടെ വേതന ഘടനയിൽ മാറ്റം ഉണ്ടാക്കാനാകും. നിലവിൽ വരുമാനം ഉറപ്പാക്കൽ പദ്ധതി വഴി സർക്കാർ സഹായം നൽകി വരുന്നുണ്ട്.<br>13) കഴിഞ്ഞ ഓണക്കാലത്ത് കയർഫെഡ്, ഫോമിൽ, കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിൽ 118 ഓളം സ്റ്റാളുകളിലൂടെ കയർ ഉൽപ്പന്നങ്ങൾ ആകർഷകമായ സമ്മാന പദ്ധതികളിലൂടെ വിറ്റഴിക്കാനുള്ള പദ്ധതിയും നടപ്പിലാക്കിയിരുന്നു. |
| ബി) ഇതിന്റെ ഭാഗമായി കൂടുതൽ ചകിരിമില്ലുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | ബി) ഉണ്ട്. അടുത്ത 3 വർഷത്തിനുള്ളിൽ ആയിരം ചകിരി സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ട്. കേരള കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനിയുടെ നേതൃത്വത്തിൽ ഈ പദ്ധതി നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) ചകിരിമില്ലുകൾ പുതുതായി ആരംഭിക്കുന്നതിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കേണ്ടതെന്ന് വ്യക്തമാക്കാമോ; | സി) മെഷീൻ സ്ഥാപിക്കുന്നതിന് 1500 സ്ക്വ.ഫീറ്റിൽ കുറയാത്ത കെട്ടിടം, സംഭരിച്ച തൊണ്ട് സൂക്ഷിക്കുന്നതിനുള്ള ഡംപ്യാർഡ്, റെട്ടിംഗ് ടാങ്ക്, 3 ഫേസ് കണക്ഷനും 22 കിലോ വാട്ട്സിൽ കുറയാത്ത കണക്റ്റഡ് ലോഡും, ജലവിതരണ സംവിധാനം, 7 മീറ്ററിൽ കുറയാത്ത വീതിയിലുള്ള അപ്രോച്ച് റോഡ് എന്നീ അടിസ്ഥാന സൗകര്യങ്ങളാണ് വേണ്ടത്. |
| ഡി) ഇത്തരം മില്ലുകൾ ലാഭത്തിൽ പ്രവർത്തിക്കുന്നതിനായി തൊണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; | ഡി) തൊണ്ട് സംഭരണം കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനും നാളികേരത്തിന്റെ ഏകീകൃത വിളവെടുപ്പ്, തൊണ്ടു സംഭരണം എന്നിവ നടത്തുന്നതിന് കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെൻററുകൾ, നാളികേര പ്രൊഡ്യൂസേഴ്സ് കമ്പനി, ആഗ്രോ സർവ്വീസ് സെൻററുകൾ എന്നിവരെ കൂടി ഉൾപ്പെടുത്തി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| ഇ) പദ്ധതി പ്രവർത്തനങ്ങളിൽ കുടുംബശ്രീയെ | ഇ) കുടുംബശ്രീ യൂണിറ്റുകളുമായി സഹകരിച്ച് പച്ചത്തൊണ്ട് ചകിരിയാക്കാനുള്ള യൂണിറ്റുകൾ |

| | |
|---|---|
| ഉൾപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കണ്ണൂർ ജില്ലയിൽ അമ്മാനപ്പാറയിൽ ഇത്തരമൊരു യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ